ഐ. കെ. എം. വെള്ളനാട്ട് നടത്തുന്ന പൈലറ്റ് കമ്പ്യൂട്ടർവൽക്കരണ പരിപാടിയുടെ മൂന്നാംഘട്ടത്തിൽ കേന്ദ്രീകൃതമായി വെബ്സിൽ സ്ഥാപിക്കുന്ന പൗരവിവര വ്യൂഹത്തിനുള്ള ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ പരീക്ഷണാടിസ്ഥാനത്തിൽ സ്വതന്ത്ര സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് വികസിപ്പിക്കുന്നത്. പൗരവിവര വ്യൂഹത്തിന്റെ മാതൃക തയ്യാറായിവരുന്നു.

ഒരു പഞ്ചായത്തിന് വേണ്ടിവരുന്ന ചെലവ് ബോൾട്ട് പദ്ധതിയുടെ കരാറിന് അന്തിമരൂപം നൽകുന്ന സമയത്തു മാത്രമേ കൃത്യമായി പറയാൻകഴിയൂ. പദ്ധതിയുടെ മൊത്തം അടങ്കൽ 150 കോടി രൂപയാണ്. ഇത് ഹാർഡ്വെയർ, സോഫ്റ്റ്വെയർ, പരിശീലനം, ഡേറ്റാ എൻടി എന്നിവയ്ക്കുൾപ്പെടെയുള്ള മൊത്തം ചെലവാണ്.

മൈക്രോസോഫ്റ്റിന്റെ സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിന് പഞ്ചായത്തുകൾ വർഷാവർഷം കമ്പനിക്ക് ഫീസ് നൽകേണ്ടി വരില്ല.

പബ്ലിക് സർവീസ് കമ്മീഷൻ പരീക്ഷാനടത്തിപ്പിലെ ക്രമക്കേടുകൾ

*19 [18] ശ്രീ. പി. എസ്. സുപാൽ:

,, കെ. പി. രാജേന്ദ്രൻ:

,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവീസ് കമ്മീഷന്റെ പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി. എസ്. സി. പരീക്ഷാ ചോദ്യപേപ്പർ ചോർന്ന എത്ര സംഭവങ്ങൾ കഴിഞ്ഞ 3 വർഷത്തിനുള്ളിൽ കണ്ടുപിടിച്ചിട്ടുണ്ട്; ഏതെല്ലാം തസ്തികകളിലേക്കുള്ള ചോദ്യപേപ്പറുകളാണ് ചോർന്നിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ചോദ്യപേപ്പർ ചോർന്ന പരീക്ഷകൾ വീണ്ടും നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ചോദ്യപേപ്പർ ചോർന്നിട്ടും യഥാസമയം കണ്ടുപിടിക്കാൻ കഴിയാതെ പോയ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഇ) തൊഴിലന്വേഷകർക്ക് പബ്ലിക് സർവ്വീസ് കമ്മീഷനിലുള്ള വിശ്വാസ്യത വീണ്ടെടുക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) പി. എസ്. സി. യുടെ പരീക്ഷാ നടത്തിപ്പിൽ ചില ക്രമക്കേടുകൾ ഉണ്ടായതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിൽ 16-8-2003-ൽ എൽ. ഡി. ക്ലാർക്ക് തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി നടത്തിയ പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതായുള്ള പരാതി പോലീസിലെ ക്രൈം ബ്രാഞ്ച് വിഭാഗം അന്വേഷിച്ച് വരികയാണ്.

(സി) ടി തസ്തികയുടെ പുനഃപരീക്ഷ 31-1-2004-ൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി, ഇ) മറ്റു ചില ജില്ലകളിൽ പി. എസ്. സി. നടത്തിയ എൽ. ഡി. ക്ലാർക്ക് തസ്തികയിലേക്കും മറ്റു ചില തസ്തികകളിലേക്കുമുള്ള പരീക്ഷയുടെ ചോദ്യപേപ്പറുകളും ചോർന്നതായുള്ള പത്ര റിപ്പോർട്ടുകളും, പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ ശ്രദ്ധയിൽ പരിശോധിച്ച്, പി. എസ്. സി.-യുമായി ആലോചിച്ച് അനുയോജ്യ നടപടി സ്വീകരിക്കുന്നതാണ്. ഇത്തരം പരാതികൾക്ക് ഇടനൽകാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരുന്നതായി പി. എസ്. സി. അറിയിച്ചിട്ടുമുണ്ട്.

ഭരണ നവീകരണ പരിപാടി

*20 [19] ഡോ. തോമസ് ഐസക്:
ശ്രീ. ടി. കെ. ബാലൻ:
,, പി. സി. ജോർജ്:
,, കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള ഭരണ നവീകരണ പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി സേവന ക്ഷേമ പ്രവർത്തനങ്ങളിൽ വരുത്തുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്;

(സി) നിലവിലുള്ള ഏതൊക്കെ സേവന ക്ഷേമ പ്രവർത്തനങ്ങളാണ് സർക്കാരിതര സംഘടനകൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഭരണ നവീകരണ പരിപാടി നടപ്പിലാക്കുന്നതിന് ഏതൊക്കെ രാജ്യങ്ങളിലെ സാമ്പത്തിക സഹായമാണ് സർക്കാർ സ്വീകരിക്കുന്നത്;

(ഇ) സാമ്പത്തിക സഹായം ലഭിക്കുന്നതിന് ഈ രാജ്യങ്ങളുമായി സർക്കാർ ഏർപ്പെട്ടിട്ടുള്ള കരാറിന്റെ ഉള്ളടക്കം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly